## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

13.07.2021

സമർപ്പണം :

ജില്ലാ കളക്ടർ, എറണാകുളം

# പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി




**SIA UNIT**

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ

സോഷ്യൽ സർവ്വീസ് സെന്റർ

കോളേജ് പി.ഒ., കോതമംഗലം - 686 666

ഫോൺ : 9446510628

www.ysso.net, email: ysso95@gmail.com

# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

## പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള

## ശുദ്ധജലവിതരണ പദ്ധതി

**ജില്ല : എറണാകുളം**

**താലൂക്ക് : കോതമംഗലം**

**വില്ലേജ് : കടവൂർ**

**സമർപ്പണം**

**ജില്ലാ കളക്ടർ, എറണാകുളം**

**എക്സിക്യൂട്ടീവ് എൻജിനിയർ,**
**പ്രൊജക്ട് ഡിവിഷൻ, കട്ടപ്പന**

**സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)**

**KIIFB എറണാകുളം**

**SIA UNIT**

യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ
സോഷ്യൽ സർവ്വീസ് സെന്റർ
കോളേജ് പി.ഒ.
കോതമംഗലം - 686 666
ഫോൺ : 0485 2971222, 9446510628
email: ysso95@gmail.com

YOUTH SOCIAL SERVICE ORGANIZATION COLLEGE P.O., COCHIN, KERALA-686 666 REG:112/95 KOTHAMANGALAM

## ഉള്ളടക്കം


| | |
|---|---|
| അദ്ധ്യായം 1 | പഠനത്തിന്റെ സംക്ഷിപ്ത രൂപം |
| അദ്ധ്യായം 2 | പദ്ധതിയുടെ വിശദ വിവരങ്ങൾ |
| അദ്ധ്യായം 3 | പഠനസംഘം, പഠനസമീപനം, പദ്ധതി ശാസ്ത്രം |
| അദ്ധ്യായം 4 | സ്ഥലത്തിന്റെ മൂല്യനിർണയം |
| അദ്ധ്യായം 5 | കണക്കാക്കലും ഗണനവും |
| അദ്ധ്യായം 6 | സാമൂഹ്യ സാമ്പത്തിക രൂപരേഖ |
| അദ്ധ്യായം 7 | സാമൂഹ്യാഘാതത്തിന്റെ നിർവ്വഹണം |
| അദ്ധ്യായം 8 | സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം |
| അദ്ധ്യായം 9 | സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ് |
| അദ്ധ്യായം 10 | സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും |
| അദ്ധ്യായം 11 | നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം, ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം |
| | സംഗ്രഹം |

| | |
|---|---|
| പദ്ധതിയുടെ പേര് | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി |
| സംസ്ഥാനം | കേരളം |
| ജില്ല | എറണാകുളം |
| താലൂക്ക് | കോതമംഗലം |
| റവന്യൂ വില്ലേജ് | കടവൂർ |
| പഞ്ചായത്ത് | പൈങ്ങോട്ടൂർ |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് | 0.0810 ഹെക്ടർ |
| ചിലവ് | 23.00 കോടി |
| അർത്ഥനാധികാരി | എക്സിക്യൂട്ടീവ് എൻജിനിയർ, പ്രൊജക്ട് ഡിവിഷൻ, കട്ടപ്പന |
| ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KIIFB, എറണാകുളം |
| പദ്ധതി സ്ഥാനം | എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കടവൂർ വില്ലേജിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 4 ഉം, 13 ഉം, വാർഡുകളിലാണ് പദ്ധതി വരുന്നത്. |

## അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1 ആമുഖം : പദ്ധതിയും ലക്ഷ്യങ്ങളും

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നിർമ്മാണത്തിനായി ഭൂമി വിട്ട് നൽകുന്നവർക്കുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ചുള്ള പഠനമാണ് ഈ റിപ്പോർട്ടിലുള്ളത്. വർദ്ധിച്ച് വരുന്ന ജലക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് ഒരു ശുദ്ധജലവിതരണ പദ്ധതി അനിവാര്യമായിക്കൊണ്ടിരിക്കുകയാണ്.

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലാണ് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 4ഉം 13ഉം വാർഡുകളിലാണ് പദ്ധതിവരുന്നത്. ജനങ്ങൾ ഇടകലർന്നു ജീവിക്കുന്ന ഒരു സമ്മിശ്ര സാമൂഹികാന്തരീക്ഷമാണ് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിനുള്ളത്. ചെറുകിട നാമമാത്രകർഷകർ ഏറെയുണ്ട്. കാർഷിക മേഖല ഊന്നിയുള്ള ഒരു വികസന സാദ്ധ്യതയ്ക്ക് പറ്റിയ ഭൂപ്രകൃതിയാണ് ഇവിടെയുള്ളത്. സാമ്പത്തിക പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് ഭൂരിഭാഗവും. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ പ്രകൃതി നൽകിയ കുന്നിൻ താഴ്വരകളും നിറഞ്ഞ ഭൂപ്രകൃതിയാണ് ഉള്ളത്.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. കടവൂർ - കല്ലൂർക്കാട് - കുമാരമംഗലം സമഗ്രപദ്ധതിയുടെ ഭാഗമായുള്ള ഒരു ഗ്രാമീണ ജലവിതരണ പദ്ധതി നിലവിൽ ഈ പ്രദേശത്ത് പ്രവർത്തിച്ച് വരികയാണെങ്കിലും ഇത് മൊത്തം ആവശ്യത്തിന് പര്യാപ്തമല്ല. ജല ക്ഷാമത്തിന്റെ പ്രധാന കാരണം വർദ്ധിച്ചുവരുന്ന ആവശ്യവും ജലലഭ്യതയുടെ കുറവുമാണ്. ജലവിതരണ ക്ഷാമത്തിന്റെ പ്രധാന കാരണങ്ങൾ യന്ത്രങ്ങളുടെ തേയ്മാനം, ശുദ്ധീകരണത്തിന്റെ കാര്യക്ഷമതാക്കുറവ്, വിതരണ പൈപ്പുകളുടെ കാലപ്പഴക്കം എന്നിവയാണ്. പഞ്ചായത്തിലെ ഭൂരിഭാഗവും മലയോരപ്രദേശമായതിനാൽ, പ്രാദേശിക ജലസ്രോതസ് രണ്ടോ മൂന്നോ മാസത്തേക്ക് മാത്രമേ തികയുകയുള്ളു. വേനൽക്കാലത്ത് മിക്കവാറും എല്ലാ കിണറുകളും വറ്റി ജലക്ഷാമം നേരിടുകയാണ്. വെള്ളം അടിസ്ഥാന ആവശ്യം എന്നിരിക്കെ മോശം ഗുണനിലവാരം ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കും. ദരിദ്ര വിഭാഗക്കാരായ സ്ഥലനിവാസികളിൽ ഭൂരിഭാഗവും കൃഷി മേഖലയിൽ പ്രവർത്തിക്കുന്നവരാണ്.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ 7 വാർഡുകളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഈ പദ്ധതി വന്നാൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കഴിയുമെന്നാണ് ഭരണ സമിതിയുടേയും പൊതുജനങ്ങളുടെയും അഭിപ്രായം. ഇവിടെ പൊതുടാപ്പിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ വെള്ളം ലഭിക്കാതെ വരികയും ആഴ്ചയിൽ 2 ദിവസം മാത്രം എത്തുന്ന ടാങ്കർ ലോറിയിലെ കുടിവെള്ളത്തെ ജനങ്ങൾക്ക് ആശ്രയിക്കേണ്ടിയും വരുന്നു. പാടത്തിനോട് ചേർന്നുള്ള കുടുംബങ്ങളുടെ കിണറുകളിൽ മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ. ശുദ്ധജലക്ഷാമം കാരണം മഞ്ഞപ്പിത്തം, അതിസാരം എന്നിവ ഈ പ്രദേശത്ത് സർവ്വസാധാരണമാണ്. പ്രസ്തുത സാഹചര്യങ്ങളിൽ ജലത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ഈ പദ്ധതി ഉപകരിക്കുന്നു.

## 1.2 സ്ഥലം

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിലെ 0.0810 ഹെക്ടർ സ്ഥലമാണ് പദ്ധതി പ്രദേശം. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിലെ മെത്രാൻകൂപ്പ് പ്രദേശത്തും 13-ാം വാർഡിലെ കുളപ്പുറംപ്രദേശത്തുമാണ് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി വരുന്നത്. പദ്ധതി ബാധിത പ്രദേശം 2 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ഈ പ്രദേശത്ത് മരങ്ങൾ ഉൾപ്പെടുന്നു.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിലെ 0.0810 ഹെക്ടർ സ്ഥലമാണ് പദ്ധതി പ്രദേശം. ഈ പ്രദേശത്ത് മരങ്ങൾ ഉൾപ്പെടുന്നു.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 23.50 സ്ക്വയർ കിലോമീറ്ററാണ്. തട്ടുതട്ടായിക്കിടക്കുന്ന മലയോരപ്രദേശമാണ് ഭൂപ്രകൃതി. നിവാസികളിൽ ഭൂരിപക്ഷവും ദാരിദ്ര്യരേഖക്ക് താഴെയുള്ള കർഷകരും കർഷകതൊഴിലാളികളുമാണ്. എറണാകുളം ജില്ലയുടെ കിഴക്കുഭാഗത്ത് ഇടുക്കി ജില്ലയോടു ചേർന്ന് കിടക്കുന്ന അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്താണ് പൈങ്ങോട്ടൂർ. ഈ പ്രദേശങ്ങളിലെ ജനസംഖ്യയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂളുകൾ, കോളേജുകൾ, അംഗനവാടികൾ, തീർത്ഥാടന കേന്ദ്രങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിങ്ങനെ ധാരാളം സാമൂഹ്യസ്ഥാപനങ്ങളും ഈ പ്രദേശത്തുണ്ട്.

വർദ്ധിച്ചുവരുന്ന ജനസംഖ്യ, നഗരവത്കരണം, വ്യവസായവത്കരണം എന്നിവ കൊണ്ട് ഭാവിയിൽ ജലസംബന്ധിയായ ആവശ്യങ്ങൾ വർദ്ധിക്കുന്നു. കൂടാതെ കാലാ

വസ്ഥാ വ്യതിയാനത്തിന്റെ വശങ്ങളും കാലാവസ്ഥ വ്യതിയാനങ്ങൾ പ്രതീക്ഷിക്കുന്ന വർദ്ധനവും വളർച്ചയുടെ ആവൃത്തി, തീവ്രത, ദൈർഘ്യം എന്നിവ വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് ജലലഭ്യത പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു. വരൾച്ച പോലുള്ള സാഹചര്യങ്ങളിൽ ജലത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ഈ പദ്ധതി ഉപകരിക്കുന്നു.

## 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, സ്ഥലമോ ഇതിനേക്കാൾ അനുയോജ്യമായവ കണ്ടെത്താനായില്ല.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങളും അവ ലഘൂകരിക്കുന്നതിനുള്ള നടപടികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും.

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 2. | ശബ്ദം, അന്തരീക്ഷ മലിനികരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘൂകരണ നടപടിയിൽ രൂപരേഖയാൽ ഉൾപ്പെടുത്തുക. |
| 3. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ടപരിഹാരം വിതരണം ചെയ്യുക. |
| 4 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളാൽ ഉൾപ്പെടുത്തുക | നിയന്ത്രണം | നടപടിക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക. |
| 5 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തനനിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക |

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1 പദ്ധതിയുടെ പശ്ചാത്തലവും യുക്തിയും

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ജനകീയ ലക്ഷ്യങ്ങളും ചിലവ് മുതലായവയും ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2.2 പദ്ധതിയുടെ സ്ഥലം വലിപ്പം ലക്ഷ്യം ചെലവ് തുടങ്ങിയ വിവരങ്ങൾ

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിലെ 0.0810 ഹെക്ടർ സ്ഥലമാണ് പദ്ധതി പ്രദേശം. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിലെ മെത്രാൻകൂപ്പ് പ്രദേശത്തും 13-ാം വാർഡിലെ കുളപ്പുറം പ്രദേശത്തുമാണ് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി വരുന്നത്. ഈ പ്രദേശത്ത് മരങ്ങൾ ഉൾപ്പെടുന്നു.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 23.50 സ്ക്വയർ കിലോമീറ്ററാണ്. തട്ടുതട്ടായിക്കിടക്കുന്ന മലയോരപ്രദേശമാണ് ഭൂപ്രകൃതി. നിവാസികളിൽ ഭൂരിപക്ഷവും ദാരിദ്ര്യരേഖക്ക് താഴെയുള്ള കർഷകരും കർഷകതൊഴിലാളികളുമാണ്.

പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ ശുദ്ധജലം ലഭ്യമാവും എന്നാണ് അറിയാൻ കഴിഞ്ഞത്. പദ്ധതി നടത്തിപ്പും തുടർ ജോലികളും നിർവ്വഹിക്കുന്നത് കേരളാ വാട്ടർ അതോറിറ്റിയാണ്. പദ്ധതിയുടെ മൊത്തം ചിലവ് 23.00 കോടി രൂപയാണ്.

## 2.3 പദ്ധതിയുടെ അനിവാര്യത

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. ജലക്ഷാമത്തിന്റെ പ്രധാന കാരണം വർദ്ധിച്ചുവരുന്ന ആവശ്യവും ജലലഭ്യതയുടെ കുറവുമാണ്. പഞ്ചായത്തിലെ ഭൂരിഭാഗവും മലയോരപ്രദേശമായതിനാൽ, പ്രാദേശിക ജലസ്രോതസ് രണ്ടോ മൂന്നോ മാസത്തേക്ക് മാത്രമേ തികയുകയുള്ളൂ. വേനൽക്കാലത്ത് മിക്കവാറും എല്ലാ കിണറുകളും വറ്റി ജലക്ഷാമം നേരിടുകയാണ്. വെള്ളം അടിസ്ഥാന ആവശ്യം എന്നിരിക്കെ മോശം ഗുണനിലവാരം ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കും. ദരിദ്രവിഭാഗക്കാരായ സ്ഥലനിവാസികളിൽ ഭൂരിഭാഗവും കൃഷി മേഖ

ലയിൽ പ്രവർത്തിക്കുന്നവരാണ്. ഔദ്യോഗികമായി ഇവർ ദാരിദ്ര്യ രേഖക്ക് താഴെ എന്ന വിഭാഗത്തിൽ പെടുന്നവരാണ്. ശുദ്ധജലക്ഷാമം കാരണം മഞ്ഞപ്പിത്തം, അതിസാരം എന്നിവ ഈ പ്രദേശത്ത് സർവ്വസാധാരണമാണ്. പ്രസ്തുത ഗൗരവസാഹചര്യം പരിഗണിക്കുമ്പോൾ നിലവിലെ ജലവിതരണ പദ്ധതിക്ക് പകരം ഒരു പുതിയ പദ്ധതി ആരംഭിക്കേണ്ടത് അനിവാര്യമാണ്.

## 2.4 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

## 2.5 പദ്ധതിയുടെ പൊതു ആവശ്യപ്രസക്തി

ഭൂമി ഏറ്റെടുക്കുന്നതും ലക്ഷ്യം വയ്ക്കുന്നതും സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാകുന്നതുമായ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വയ്ക്കുന്നതാണ്.

## 2.6 പരിസ്ഥിതി ആഘാത വിലയിരുത്തൽ

പൊതുജന ഉപയോഗത്തിനുള്ള പദ്ധതിയായതിനാൽ സാധാരണ വികസന പ്രവർത്തനത്തിനായുള്ള ചെറിയ പാരിസ്ഥിതികാഘാതത്തെ അപേക്ഷിച്ച് കൂടുതൽ സ്വീകാര്യമായ മഹനിയത ലഭിക്കുമെന്ന് തോന്നുന്നു.

- പരിസ്ഥിതി സൗഹൃദമായ നിർമ്മാണ പ്രവർത്തനം ഉറപ്പുവരുത്തണം.
- പ്രദേശങ്ങളിലെ പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കപ്പെടണം.
- നിർമ്മാണ ഘട്ടത്തിലും തുടർന്നും ഒരു സമിതി സൂക്ഷ്മമായി നിരീക്ഷിച്ച പ്രദേശത്തിന്റെ പാരിസ്ഥിതിക മൂല്യത്തിന് കോട്ടം തട്ടാതിരിക്കുവാൻ ജാഗരൂകമായിരിക്കണം.

## 2.7 പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

| ക്രമ നമ്പർ | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നിയമം<br>2005 ലെ വിവരാവകാശ നിയമം<br>വൈകല്യങ്ങളുള്ള വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച 2016ലെ ആക്ട് | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |

## വിവരാവകാശ നിയമം 2005

പൗരന്മാരെ ശാക്തീകരിക്കുക, ഭരണത്തിൽ സുതാര്യതയും, ഉത്തരവാദിത്വവും ഉറപ്പാക്കുക, അഴിമതികൾ തടയുക എന്നിവയിലൂടെ ജനാധിപത്യ പ്രക്രിയ കൂടുതൽ ശക്തവും ജനകേന്ദ്രീകൃതവും ആക്കുന്നതിനു വേണ്ടിയാണ് 2005 ൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്നത്. ജനാധിപത്യ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് വിവരങ്ങൾ അറിവുള്ള ഒരു പൗരസമൂഹം അത്യന്താപേക്ഷിതമാണ്. പൗരന്മാർക്ക് സർക്കാരുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അറിവ് നൽകുന്നതിനുള്ള ഏറ്റവും കാര്യക്ഷമമായ ഒരു നിയമമാണിത്.

## വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമം 2016

വൈകല്യമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച 2016 ലെ നിയമം, ഇത്തരം വ്യക്തികളെ സാമൂഹ്യമായും, സാമ്പത്തികമായും ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിൽ വന്നത്. വൈകല്യമുള്ളവരുടെ സമത്വവും, പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നത് ഒരു വശത്തും, മറുവശത്ത് വിവേചനങ്ങളെ നിയമം മൂലം ഇല്ലായ്മ ചെയ്യുക എന്നതും ഈ ആക്ടിന്റെ പ്രത്യേകത ആണ്.

## അദ്ധ്യായം 3

# പഠനസംഘം പഠന സമീപനം പദ്ധതി ശാസ്ത്രം

### 3.1 പശ്ചാത്തലം

കേരളാ ഗസറ്റ് വിജ്ഞാപനം C6-3031/20 തീയതി 05-07-2021 പ്രകാരം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, സോഷ്യൽ സർവ്വീസ് സെന്റർ, കോളേജ് പി.ഒ., കോതമംഗലം എന്ന സ്ഥാപനത്തിന്റെ SIA ഘടകത്തെയാണ്, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക എന്നതാണ് പഠന യൂണിറ്റിന്റെ ഉത്തരവാദിത്വം.

### 3.2 സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനവും, നിർവ്വഹണ പ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുന്നത് സാമൂഹ്യവും സാമ്പത്തികവുമായ സുസ്ഥിരതയ്ക്ക് ആഘാതം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽ കണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്.

സാമൂഹ്യ പ്രത്യാഘാതങ്ങളുടെ വിലയിരുത്തൽ പഠനത്തിന്റെ സമീപനവും പദ്ധതി ശാസ്ത്രവുമാണ് ചിത്രം 3.1ൽ ഫ്ളോചാർട്ട് രൂപത്തിൽ നൽകിയിരിക്കുന്നത്. കൂടാതെ, പഠനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

### ചിത്രം 3.1 സാമൂഹ്യ പ്രത്യാഘാത പഠന രീതിയും മാർഗ്ഗങ്ങളും

#### ഘട്ടം 1 സർവ്വേക്ക് മുമ്പുള്ള പ്രവർത്തികൾ

| സാമൂഹ്യ അവലോകനവും പ്രാഥമിക കൂടിയാലോചനയും | പ്രാഥമിക സർവ്വേയും വാതിൽപ്പുറ ജോലിയുടെ ആരംഭവും |
|---|---|
| • വിശദമായ പദ്ധതി അവലോകനം | • പ്രാരംഭ പഠനം |

| | |
|---|---|
| • പദ്ധതി രൂപരേഖ തയ്യാറാക്കൽ<br>• RFCT in LARR നിയമം 2013<br>• ഭൂമി ഏറ്റെടുക്കലുമായി ബന്ധ പ്പെട്ട സംസ്ഥാന നിയമം | • തയ്യാറെടുപ്പും സർവ്വേ ഉപകരണങ്ങളുടെ പരിശോധ നയും<br>• വിവര ശേഖരണത്തിനായുള്ള സംഘങ്ങളെ കണ്ടെ ത്തൽ<br>• പ്രഥമ റിപ്പോർട്ടിന്റെ അന്തിമരൂപം നൽകൽ |

**ഘട്ടം 2 വിവര ശേഖരണ രീതിയും നടത്തിപ്പും നിർവ്വഹണ സംവിധാനം**

| പദ്ധതി ബാധിത കുടുംബങ്ങൾ/ ജനങ്ങൾ സമൂഹം | പദ്ധതി നടപ്പിലാക്കാനാവശ്യമായ സജ്ജീകരണങ്ങൾ |
|---|---|
| • ഫീൽഡ് സ്റ്റാഫിന് പരിശീലനം നൽകൽ<br>• പദ്ധതി ബാധിത കുടുംബാംഗങ്ങളു മായി നടത്തിയ വിവര ശേഖരണം<br>• ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗ സ്ഥരുമായി നടത്തിയ ചർച്ചകൾ | • നിയമപരമായ നയങ്ങളുടെയും നിയന്ത്രണ ങ്ങളുടെയും വിശകലനം<br>• പുനരധിവാസ പദ്ധതിയെക്കുറിച്ച് സ്ഥലത്തെ ഉദ്യോഗസ്ഥരുമായുള്ള വിശകലനം<br>• വിവരങ്ങളുടെ വിശകലനം<br>• വിവരശേഖരണവും വിശകലനവും പ്രത്യാ ഘാത വിലയിരുത്തലിന്റെ കരട് രൂപം |

**ഘട്ടം 3 സർവ്വേക്ക് ശേഷമുള്ള പ്രവർത്തികളും വിശകലന രൂപ രേഖയും**

| വിവരങ്ങൾ പട്ടിക രൂപത്തിലാക്കുകയും വിശകലന രൂപരേഖയും | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിൻമേലുള്ള ആലോചനകൾ |
|---|---|
| • വിവരങ്ങളുടെഏകോപനവും ക്രോഡീ കരണവും രേഖപ്പെടുത്തലും<br>• സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടിന്റെ അന്തിമമായ രൂപപ്പെടു ത്തൽ<br>• സർവ്വേയിലൂടെലഭിച്ചവിവരങ്ങളുടെ വിശകലനം<br>• കരട് സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ റിപ്പോർട്ടിന്റെ കരട് രേഖ തയ്യാറാക്കലും സമർപ്പിക്കലും | • പബ്ലിക് ഹിയറിങ് സംഘടിപ്പിക്കൽ<br>• സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്ത ലിന്റെ ഭാഗമായി കണ്ടെത്തിയ കാര്യങ്ങൾ പദ്ധതി ബാധിത ജനങ്ങളുമായും കൂടിയാ ലോചിക്കൽ<br>• തൽപര കക്ഷികളുമായി അവരുടെ ആശങ്ക കൾ പങ്കുവയ്ക്കൽ<br>• ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോക നവും അഭിപ്രായങ്ങളും<br>• അഭിപ്രായങ്ങളുടെ സംയോജനവും അന്തിമ സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് സമർപ്പിക്കൽ |

## 3.3 പഠനം സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിന്റെ അദ്ധ്യക്ഷനായ യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷന്റെ ടീം ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലും നടത്തിയ അനുഭവസമ്പത്തുള്ള 6 പേരടങ്ങുന്ന സംഘമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിനു വേണ്ടിയുള്ള വിവരശേഖരണം ഏകോപനവും നടത്തിയത്. വികസന, നിയമ മേഖലകളിലെ

വിദഗ്ദ്ധരുടെ സേവനവും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തി. കൂടാതെ പ്രത്യാഘാത ബാധിത പ്രദേശങ്ങൾ കണ്ടെത്തുവാൻ റവന്യു ഉദ്യോഗസ്ഥ പ്രതിനിധികളുടെ സഹായവും ഉണ്ടായിരുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാനം, യോഗ്യത, പ്രവർത്തി പരിചയം |
|---|---|---|
| 1. | ജോസ് പരുത്തുവയലിൽ | Director, MSW, വികസന മേഖലയിൽ 22 വർഷത്തെ പ്രവർത്തിപരിചയം |
| 2. | കുര്യാക്കോസ് ജോർജ് | പ്രൊജക്റ്റ് കോർഡിനേറ്റർ, LLB വികസന മേഖലയിൽ 15 വർഷത്തെ പ്രവർത്തിപരിചയം |
| 3. | ബൈജു പി.ടി | റിസർച്ച് അസോസിയേറ്റ്, MSW വികസന മേഖലയിൽ 10 വർഷത്തെ പ്രവർത്തി പരിചയം |
| 4. | സവിത സജീഷ് | റിസർച്ച് അസോസിയേറ്റ്, B.A, വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 5 | ജിനു ജോസഫ് | റിസർച്ച് അസോസിയേറ്റ്, B.Com, I.C.W.വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |
| 6 | മിനി ജിബിഷ് | റിസർച്ച് അസോസിയേറ്റ്, B.A വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തി പരിചയം |

### 3.4 ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ

മുൻപ് നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ദ്വിതീയ സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ തയ്യാറാക്കിയത്. പദ്ധതി ബാധിത പ്രദേശങ്ങളിൽ നടത്തിയ സർവ്വേയിൽ പദ്ധതി ബാധിതരുടെ വിവരങ്ങളും അവിടുത്തെ ജനങ്ങളുടെ ഭൗതികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിച്ചു.

### 3.5 പദ്ധതി ബാധിത പ്രദേശ സന്ദർശനവും പദ്ധതി വിവര പ്രചാരണവും

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തലിന്റെ വിശദമായ പഠനം ആരംഭിക്കുന്നതിന് മുൻപ് സാമൂഹ്യസാമ്പത്തിക സർവ്വേയുടെ സ്ഥല സന്ദർശനവും പ്രാരംഭ പഠനവും നടത്തി. കൂടാതെ പദ്ധതി ബാധിതരുമായി സംസാരിക്കുകയും അവരുടെ പ്രതികരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അഭിമുഖം സംഭാഷണ ഷെഡ്യൂളിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും സംഘം നടത്തി.

പദ്ധതി പ്രദേശവും ആഘാത ബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2021 ജൂലൈ മാസത്തിൽ പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹ്യ പ്രത്യാഘാത പഠന കരടു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

**പൈങ്ങോട്ടൂർ പഞ്ചായത്ത് പ്രസിഡന്റുമായുള്ള കൂടിക്കാഴ്ച**



**പൈങ്ങോട്ടൂർ പഞ്ചായത്ത് മെമ്പർമാരുമായുള്ള കൂടിക്കാഴ്ച**



**വാട്ടർ അതോറിറ്റിയുമായുള്ള കൂടിക്കാഴ്ച**



## 3.6 സ്ഥിതി വിവര ക്രോഡീകരണവും പരിശോധനയും

വിശകലനത്തിനും വിലയിരുത്തലിനുമായി ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും ക്രോഡീകരിക്കുകയും, ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്തു. കൂടാതെ ലഭിക്കുന്ന വിവരങ്ങൾ സമയാസമയങ്ങളിൽ ശേഖരിച്ച് ഡാറ്റ പരിഷ്കരിക്കുകയും ചെയ്തു. ഡാറ്റയിൽ പിഴവുകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സംഘങ്ങൾ എടുത്തിരുന്നു.



## പബ്ലിക് ഹിയറിംഗ്

14(1) ൽ ഫോം 5 അനുസരിച്ച് 2021 ജൂലൈ 27-ാം തീയതി പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ഒരു പബ്ലിക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുക്കുന്ന ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും ബന്ധപ്പെട്ട അധികാരികൾ നൽകുന്ന മറുപടിയും അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തും.

# അദ്ധ്യായം 4

# ഭൂനിർണ്ണയം

## 4.1 ആമുഖം

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കാൻ ഭൂമി നഷ്ടപ്പെടുന്ന മുഴുവൻ വ്യക്തികളുടെയും, പ്രത്യാഘാതങ്ങൾ നേരിടേണ്ടവരുന്നവരുടെയും, സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവർത്തികൾ 2021 ജൂലൈ മാസത്തിൽ പൂർത്തീകരിക്കുകയും ആഘാത ബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത സ്വകാര്യ സ്വത്തിന്റെ പ്രത്യാഘാതങ്ങൾ ജനങ്ങളുടെ വരുമാനവും ജീവനോപാധികളും, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. നിർദ്ദിഷ്ട പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ സർവ്വേയുടെ സഹായത്താൽ താഴെ ചേർക്കുന്നു.

## 4.2 പദ്ധതി സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

| ക്രമ നമ്പർ | മേൽവിലാസം | സർവ്വേ നമ്പർ | ആഘാതബാധിതം |
|---|---|---|---|
| 1. | ഫ്രാൻസിസ് പോൾ,<br>മംഗലത്ത് കളപ്പുരയിൽ വീട്,<br>കളപ്പുറം, പൈങ്ങോട്ടൂർ പി.ഒ.,<br>പിൻ - 686 671 | 708/1 A | പദ്ധതി ബാധിതപ്രദേശത്ത് റബ്ബർ-30,<br>ആഞ്ഞിലി ചെറുത് - 1,<br>തേക്ക് ചെറുത് -1, എന്നിവ ഉൾപ്പെടുന്നു. |
| 2. | ജോഷി ജേക്കബ്ബ്<br>ചെഞ്ചേരിൽ (വീട്)<br>ചാത്തമറ്റം, ചാത്തമറ്റം പി.ഒ.<br>പിൻ - 686 671 | 1092/ 1-16 -161 | പദ്ധതി ബാധിത പ്രദേശത്ത്<br>കൊക്കോ - 10, അടക്കാമരം - 4,<br>ആഞ്ഞിലി വലുത് - 4, പ്ലാവ് -4,<br>വട്ട - 1 എന്നിവ ഉൾപ്പെടുന്നു. |

## 4.3 പദ്ധതി ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കുവേണ്ടി 0.0810 ഹെക്ടർ സ്ഥലം ആണ് ഏറ്റെടുക്കുന്നത്. ആ പ്രദേശത്ത് മരങ്ങൾ ഉൾപ്പെടുന്നു.

### പട്ടിക 4.1 പദ്ധതി ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ

| പട്ടിക 4.1 പദ്ധതി ബാധിത പ്രദേശത്തെ ഏറ്റെടുക്കൽ | | | |
|---|---|---|---|
| ക്രമനമ്പർ | സർവ്വേനമ്പർ | വിവരണം | വിസ്തീർണ്ണം |
| 1 | 708/1 A | പുരയിടം | 0.0405 ഹെക്ടർ |
| 2 | 1092/1 | പുരയിടം | 0.0405 ഹെക്ടർ |
| ആകെ | | | 0.0810 ഹെക്ടർ |

## 4.4 പദ്ധതിക്കാവശ്യമായ ഭൂമി

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിലെ 0.0810 ഹെക്ടർ സ്ഥലമാണ് പദ്ധതി പ്രദേശം. പദ്ധതി പ്രദേശത്ത് മരങ്ങൾ ഉൾപ്പെടുന്നു.

## 4.5 പൊതുഭൂമിയുടെ ആവശ്യകത

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന ഭൂമിയിൽ തന്നിരിക്കുന്ന ഈ രണ്ടു സർവ്വേ നമ്പറുകളിൽ പൊതുഭൂമി ഉൾപ്പെടുന്നില്ല.

## 4.6 പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്ന ഭൂമി


പദ്ധതിക്കായി ഇതുവരെ ഭൂമിയൊന്നും തന്നെ വിലകൊടുത്തു വാങ്ങിയിട്ടില്ല. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കലിനുള്ള നടപടി നിർവ്വഹണം നടക്കുകയുള്ളൂ.

## 4.7 ഭൂപ്രകൃതി, നിലവിലുള്ള ഉപയോഗം, ഭൂമിയുടെ ഘടന

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 23.50 സ്ക്വയർ കിലോമീറ്ററാണ്. തട്ടുതട്ടായിക്കിടക്കുന്ന മലയോരപ്രദേശമാണ് ഭൂപ്രകൃതി. നിവാസികളിൽ ഭൂരിപക്ഷവും ദാരിദ്ര്യരേഖക്ക് താഴെയുള്ള കർഷകരും കർഷകതൊഴിലാളികളുമാണ്. എറണാകുളം ജില്ലയുടെ കിഴക്കുഭാഗത്ത് ഇടുക്കി ജില്ലയോടു ചേർന്ന് കിടക്കുന്ന അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്താണ് പൈങ്ങോട്ടൂർ. ഈ പ്രദേശങ്ങളിലെ ജനസംഖ്യയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂളുകൾ, കോളേജുകൾ, അംഗനവാടികൾ, തീർത്ഥാടന കേന്ദ്രങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിങ്ങനെ ധാരാളം സാമൂഹ്യസ്ഥാപനങ്ങളും ഈ പ്രദേശത്തുണ്ട്. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കായി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന ഈ പ്രദേശത്ത് മരങ്ങൾ ഉൾപ്പെടുന്നു.


### 4.8 ഉടമസ്ഥതയുടെ സ്വഭാവം

| പട്ടിക 4.2 ഉടമസ്ഥതയുടെ സ്വഭാവം | | |
|---|---|---|
| മാതൃക | എണ്ണം | ശതമാനം |
| പരമ്പരാഗതം | 2 | 100 |
| വിലക്ക് വാങ്ങിയത് | 0 | 0 |
| ആകെ | 2 | 100 |




### 4.9 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ്

| പട്ടിക 4.3 സ്ഥലത്തിന്റെ ഉടമസ്ഥാവകാശ കാലയളവ് | | |
|---|---|---|
| വർഷം | എണ്ണം | ശതമാനം |
| 2001-2010 | 0 | 0 |
| 2011-2020 | 2 | 100 |
| ആകെ | 2 | 100 |




### 4.10 പദ്ധതി പ്രദേശത്തെ മുൻകാല വ്യവഹാരങ്ങൾ

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ യാതൊരുവിധ ഭൂമി കൈമാറ്റങ്ങളും നടന്നിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്.

(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്.)

## അദ്ധ്യായം 5

# ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

### 5.1 ആമുഖം

പദ്ധതിയുടെ നടത്തിപ്പിൽ പ്രത്യക്ഷമായും പരോക്ഷമായും കുടുംബങ്ങൾക്ക് നേരിടേണ്ടി വരുന്ന ആഘാതത്തിന്റെ അളവും നഷ്ടപ്പെടുന്ന വസ്തുവകകളുടെ വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 5.2 പദ്ധതിയുടെ ആഘാതം പ്രത്യക്ഷത്തിൽ ബാധിക്കുന്നവർ

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി 0.0810 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നത്. പദ്ധതി ബാധിത പ്രദേശം 2 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ഈ പ്രദേശത്ത് മരങ്ങൾ ഉൾപ്പെടുന്നു.

### 5.3 പദ്ധതിയുടെ പരോക്ഷ ഫലങ്ങൾ

ഭൂമി ഏറ്റെടുക്കൽ പ്രത്യക്ഷത്തിൽ ബാധിക്കാത്തവരും എന്നാൽ അവിടെ താമസിക്കുന്നവരോ ജോലി ചെയ്യുന്നവരോ ആയവരെയാണ് പദ്ധതി പരോക്ഷമായി ബാധിക്കുന്നവർ എന്ന് കണക്കാക്കുന്നത്. ഇപ്രകാരം പദ്ധതി ആരെയും പരോക്ഷമായി ബാധിക്കുന്നില്ല.

### 5.4 പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനനിവാസികളുടെയോ കുടുംബങ്ങളാണോ?

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം പട്ടിക വർഗ്ഗക്കാരുടെയോ വനാവകാശം നഷ്ടപ്പെടുന്ന പരമ്പരാഗത വനവാസികളുടെയോ കുടുംബം ഉൾപ്പെടുന്നില്ല.

### 5.5 ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളാണോ?

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം മൂന്ന് വർഷമായി ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കുടുംബങ്ങളുടേതല്ല.

### 5.6 ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാനകേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടേതാണ്

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം സംസ്ഥാന കേന്ദ്രസർക്കാരുകളുടെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ ഭാഗമായി ലഭിച്ച കുടുംബങ്ങളുടേതല്ല.

## 5.7 ഏറ്റെടുക്കലിന് മൂന്ന് വർഷമോ അതിലധികമോ മുമ്പായി നഗര പ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങളാണോ?

നിർദ്ദിഷ്ട പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം നഗരപ്രദേശങ്ങളിൽ പാർക്കുന്ന കുടുംബങ്ങൾ ഉൾപ്പെടുന്നില്ല.

## 5.8 ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ


നിർദ്ദിഷ്ട പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലം ഏറ്റെടുക്കൽ മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടു പൊതുസ്ഥലത്തെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾ ഉൾപ്പെടുന്നില്ല.

## 5.9 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ഭൂവുടമകളുടെ സ്ഥലത്ത് ഫലദായകവൃക്ഷങ്ങൾ ഉൾപ്പെടുന്നു.

### പട്ടിക 5.1 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ

| പട്ടിക 5.1 ഫലദായക വസ്തുക്കളുടെ വിവരങ്ങൾ | | |
|---|---|---|
| **മരങ്ങൾ** | **എണ്ണം** | **ശതമാനം** |
| റബ്ബർ | 30 | 54.54 |
| കൊക്കോ | 10 | 18.19 |
| അടയ്ക്കാമരം | 4 | 7.28 |
| ആഞ്ഞിലി ചെറുത് | 1 | 1.81 |
| ആഞ്ഞിലി വലുത് | 4 | 7.28 |
| പ്ലാവ് | 4 | 7.28 |
| വട്ട | 1 | 1.81 |
| തേക്ക് ചെറുത് | 1 | 1.81 |
| **ആകെ** | **55** | **100** |



# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക രൂപരേഖ


## 6.1 പശ്ചാത്തലം

പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാസ്ക്കാരിക തലങ്ങളിലെ അവസ്ഥയും, പ്രസ്തുത ഘടകങ്ങളുടെ സ്ഥിതി വിശേഷവുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സ്ഥിതി, ജീവനോപാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ അനുബന്ധ വിവരങ്ങൾ എന്നിവയാണ് ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

## 6.2 കുടുംബ വിവരങ്ങൾ


### പട്ടിക 6.1 കുടുംബ വരുമാനം

| പ്രതിമാസ കുടുംബ വരുമാനം | എണ്ണം | ശതമാനം |
|---|---|---|
| 5000 രൂപ വരെ | 1 | 50 |
| 5001-10000 | 1 | 50 |
| **ആകെ** | **2** | **100** |





### പട്ടിക 6.2 വയസ്സുതിരിച്ചുള്ള വിവരം

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 10 വയസ്സു വരെ | 0 | 0 |
| 11 - 20 | 1 | 12.50 |
| 21 - 30 | 2 | 25 |
| 31 - 40 | 0 | 0 |
| 41 - 50 | 2 | 25 |
| 51 - 60 | 2 | 25 |
| 61 - 70 | 0 | 0 |
| 71 - 80 | 1 | 12.50 |
| 80 ന് മുകളിൽ | 0 | 0 |
| **ആകെ** | **8** | **100** |




## പട്ടിക 6.3 വിവാഹിതർ/ അവിവാഹിതർ/ വിധവകൾ

| നില | എണ്ണം | ശതമാനം |
|---|---|---|
| വിവാഹിതർ | 4 | 50 |
| അവിവാഹിതർ | 3 | 37.75 |
| വിധവ | 1 | 12.50 |
| കുട്ടികൾ | 0 | 0 |
| വിഭാര്യൻ | 0 | 0 |
| ആകെ | 8 | 100 |





## പട്ടിക 6.4 പദ്ധതി ബാധിത ജനങ്ങളുടെ വിദ്യാഭ്യാസം

| വിദ്യാഭ്യാസം | എണ്ണം | ശതമാനം |
|---|---|---|
| പ്രാഥമികം | 1 | 12.50 |
| എസ്.എസ്.എൽ.സി. | 0 | 0 |
| സെക്കൻഡറി | 4 | 50 |
| ഡിഗ്രി | 2 | 25 |
| മാസ്റ്റേഴ്സ് ബിരുദം | 1 | 12.50 |
| നിരക്ഷരർ | 0 | 0 |
| ആകെ | 8 | 100 |




## പട്ടിക 6.5 പദ്ധതി ബാധിത ജനങ്ങളുടെ തൊഴിൽസംബന്ധമായ വിവരങ്ങൾ

| മേഖല | എണ്ണം | ശതമാനം |
|---|---|---|
| സ്വയംതൊഴിൽ | 1 | 50 |
| ബിസിനസ്സ് | 0 | 0 |
| സർക്കാർ മേഖലയിലെ തൊഴിൽ | 0 | 0 |
| സ്വകാര്യ മേഖലയിലെ ജോലി | 0 | 0 |
| കാർഷികം | 1 | 50 |
| കൂലി | 0 | 0 |
| ആകെ | 2 | 100 |




## പട്ടിക 6.6 റേഷൻ കാർഡിന്റെ തരം തിരിവ്

| തരം | എണ്ണം | ശതമാനം |
|---|---|---|
| ദാരിദ്ര്യ രേഖക്കുതാഴെ | 0 | 0 |
| ദാരിദ്ര്യരേഖക്ക് മുകളിൽ | 2 | 100 |
| ആകെ | 2 | 100 |




### 6.3 മതവിഭാഗം

ആഘാതബാധിത കുടുംബങ്ങൾ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്നു.

(മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പരിശോധനാവേളയിൽ, ബന്ധപ്പെട്ട കക്ഷികൾ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ തെളിയിക്കുന്ന അനുബന്ധ രേഖകൾ പരിശോധിക്കേണ്ടതാണ്).

## അദ്ധ്യായം 7

# സാമൂഹ്യാഘാതത്തിന്റെ ലഘൂകരണം

### 7.1 ആഘാതം കുറയ്ക്കുന്നതിനുള്ള സമീപനം

പ്രസ്തുത പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയാണ് സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണം ആസൂത്രണം തയ്യാറാക്കിയിരിക്കുന്നത്. ഏറ്റെടുക്കുന്ന സ്ഥലത്തിനും വസ്തുവകകൾക്കും നൽകേണ്ട വില ആഘാത ബാധിതരുമായി ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയും, സ്ഥലം ഏറ്റെടുക്കുന്നതിന് മുൻപേ ഈ തുക വിതരണം ചെയ്യുക എന്നതുമാണ് പ്രത്യാഘാത ലഘൂകരണ നടപടിക്കായി നിർദ്ദേശിക്കുന്നത്.

### 7.2 ആഘാതം ഇല്ലാതാക്കുവാനോ ലഘൂകരിക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR Act 2013) നിഷ്കർഷിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം യഥാസമയം നൽകുക.

### 7.3 മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കുമുള്ള നഷ്ടപരിഹാരം

ഏറ്റെടുക്കുന്ന ഭൂമിയിലെ മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കും അർഹമായ നഷ്ട പരിഹാരം പുനരധിവാസ പാക്കേജിൽപ്പെടാൻ ഇടനൽകേണ്ടതാണ്.

### 7.4 പദ്ധതി നിർദ്ദേശത്തിലെ നടപടികൾ

ബന്ധപ്പെട്ട സമിതി നഷ്ടപരിഹാര വിതരണത്തിനായി ഒരു പ്രത്യേക ബജറ്റ് വക ഇരുത്തുക.

## 7.5 പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നമ്പർ | ഉണ്ടാകുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | മരങ്ങളുടെ നഷ്ടം | നഷ്ടപരിഹാരവും നിയന്ത്രണവും | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 2. | ശബ്ദം, അന്തരീക്ഷ മലിനീകരണം, പൊടി എന്നിവ | നിയന്ത്രണം | പ്രത്യാഘാത ലഘൂകരണ നടപടി യിൽ രൂപരേഖയാൽ ഉൾപ്പെടു ത്തുക. |
| 3. | ഭൂമി ഏറ്റെടുക്കലിലും നഷ്ടപരിഹാര വിതര ണത്തിലും ഉണ്ടാകുന്ന കാലതാമസം | ശരിയായ മേൽനോട്ടവും നിയന്ത്രണവും | ഭൂമി ഏറ്റെടുക്കലിന് മുമ്പ് നഷ്ടപ രിഹാരം വിതരണം ചെയ്യുക. |
| 4 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളാൽ ഉൾപ്പെടുത്തുക | നിയന്ത്രണം | നടപടിക്രമങ്ങളിൽ പദ്ധതി ബാധി തരുടെ പങ്കാളിത്തം ഉറപ്പ് വരു ത്തുക. |
| 5 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തനനിരതമായ പരാതി പരിഹാര കമ്മിറ്റി ജില്ലാ തല ത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക |

## അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി സ്ഥാപന സംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും ചുമതലപ്പെട്ട വ്യക്തികളും

RFCTLARR നിയമം 2013-ൽ നിർവ്വഹിക്കുന്നതിൻ പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും. പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനെയും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശനത്തിനും നിയന്ത്രണത്തിനും വിധേയമായ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പ്രോജക്ടിനുവേണ്ടിയുള്ള പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും നേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

RFCTLARR നിയമം 2013-ൽ നിർവ്വഹിക്കും പ്രകാരമുള്ള ഉചിതമായ നഷ്ടപരിഹാരം നൽകുന്നത് വഴി നിർദ്ദിഷ്ട പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാൻ സാധിക്കാത്തതാണ്.

ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീകരിച്ച നിയമത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയ്ക്കുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാകളക്ടർ
- പുനരധിവാസ പുനസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമിയേറ്റെടുക്കൽ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥർ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളാൻ അർത്ഥന അധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ

അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ബഡ്ജറ്റ്

## 9.1 പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ്

പദ്ധതിബാധിത പ്രദേശം പുനസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചിലവ് കണക്കാക്കിയിട്ടില്ല.

## 9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

## 9.3 സാമ്പത്തിക സ്രോതസ്സ് തരംതിരിച്ച്

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക സ്രോതസ്സ് തരം തിരിച്ചിട്ടില്ല.

## അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി- മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും - പ്രധാന സൂചികകൾ

- ഭൂവുടമകളുടെ ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി മീറ്റിംഗിൽ ഉള്ള പങ്കാളിത്തം
- എത്ര ഭൂവുടമകളിൽ നിന്ന് നേരിട്ട് ഭൂമി വാങ്ങാൻ സാധിച്ചു
- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ
- തടസ്സപ്പെട്ട പ്രവേശന മാർഗ്ഗങ്ങളുടെ പുനസ്ഥാപനം
- പരാതി പരിഹാര സമിതിയുടെ രൂപീകരണം
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം

### 10.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ടവും കർത്തവ്യങ്ങളും

ബാധകമല്ല

### 10.3 സ്വതന്ത്ര മൂല്യനിർണ്ണയം-രൂപരേഖ

ബാധകമല്ല

## അദ്ധ്യായം -11

# നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥനം ഭൂമി ഏറ്റെടുക്കൽ സംബന്ധിക്കുന്ന നിർദ്ദേശം

### 11.1. അന്തിമ ഉപസംഹാരം ജനകീയ ലക്ഷ്യങ്ങളുടെ വിലയിരുത്തൽ

എറണാകുളം ജില്ലയിൽ, കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെട്ട 0.0810 ഹെക്ടർ സ്ഥലമാണ് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാകുന്നതോടെ പ്രദേശത്തെ കൃഷി, ചെറുകിട വ്യവസായം എന്നീ മേഖലകൾക്ക് വമ്പിച്ച പിൻതുണ ലഭ്യമാകുകയും ചെയ്യുന്നു.

നിർദ്ദിഷ്ട പദ്ധതി വന്നാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ കഴിയുമെന്നാണ് ഭരണ സമിതിയുടേയും പൊതുജന അഭിപ്രായത്തിലൂടെയും, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെയും വെളിവാക്കപ്പെടുന്നത്.

നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ട ഭൂമി സ്വകാര്യ ഉടമസ്ഥതയിലുള്ളതും 2013-ലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിലുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി അത്യാന്താപേക്ഷിതമാണെന്ന് തദ്ദേശീയർ അഭിപ്രായപ്പെട്ടു. ആഘാത ബാധിതർ പദ്ധതിക്കായി ന്യായമായ വില ലഭ്യമാക്കി ഭൂമി വിട്ട് നൽകുന്നതിന് സമ്മതമുള്ളവരുമാണ്.

### 11.2 പ്രത്യാഘാതങ്ങളുടെ സ്വഭാവവും തീവ്രതയും

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ 7 വാർഡുകളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഇവിടെ പൊതുടാപ്പിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ വെള്ളം ലഭിക്കാതെ വരികയും ആഴ്ചയിൽ 2 ദിവസം മാത്രം എത്തുന്ന ടാങ്കർ ലോറിയിലെ കുടിവെള്ളത്തെ ജനങ്ങൾക്ക് ആശ്രയിക്കേണ്ടിയും വരുന്നു. പാടത്തിനോട് ചേർന്നുള്ള കുടുംബങ്ങളുടെ കിണറുകളിൽ മാത്രമേ വെള്ളം ലഭിക്കുന്നുള്ളു. വരൾച്ചപോലുള്ള സാഹചര്യങ്ങളിൽ ജലത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ഈ പദ്ധതി ഉപകരിക്കുന്നു.

പദ്ധതി ബാധിത പ്രദേശത്ത് മരങ്ങൾ നഷ്ടമാകുന്നു. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗവും മലയോരപ്രദേശമായതിനാൽ, പ്രാദേശിക ജലസ്രോതസ് രണ്ടോ മൂന്നോ മാസത്തേക്ക് മാത്രമേ തികയുകയുള്ളൂ. വേനൽക്കാലത്ത് മിക്കവാറും എല്ലാ കിണറുകളും വറ്റി ജലക്ഷാമം നേരിടുകയാണ്. വെള്ളം അടിസ്ഥാന ആവശ്യം എന്നിരിക്കെ മോശം ഗുണനിലവാരം ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കും. ദരിദ്ര വിഭാഗക്കാരായ സ്ഥലനിവാസികളിൽ ഭൂരിഭാഗവും കൃഷി മേഖലയിൽ പ്രവർത്തിക്കുന്നവരാണ്.

വിവരിച്ച നേട്ടങ്ങൾ കൂടാതെ വിവിധങ്ങളായ സാമൂഹ്യ നേട്ടങ്ങൾക്കും പദ്ധതി വഴി തെളിക്കുന്നു. ഏതൊരു പൊതുവികസന പ്രവർത്തനത്തിനായും സ്ഥലം ഏറ്റെടുക്കുമ്പോൾ പല വ്യക്തികളെയും പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത്തരത്തിലുള്ള വികസന പ്രവർത്തനത്തിനായി പ്രതികൂല സാഹചര്യങ്ങളിലൂടെ കടന്ന് പോകേണ്ടിവരികയും പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യുന്നവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഉയർന്ന് വന്നിട്ടുള്ള സംവിധാനങ്ങളിൽ ഒന്നാണ് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 നിഷ്കർഷിച്ചിരിക്കുന്നു. ഇന്ത്യൻ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടക്കുമ്പോൾ അതിലെ പൊതുതാൽപര്യവും സാമൂഹിക ആഘാതവും നിർണ്ണയിക്കണം എന്ന് ഈ നിയമത്തിലെ വകുപ്പ് 4 നിഷ്കർഷിക്കുന്നു.

# സംഗ്രഹം

ഗ്രാമത്തിലെ ജലക്ഷാമം സംബന്ധിച്ചിടത്തോളം, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഒരു നാഴികക്കല്ലാണ്. നിർദ്ദിഷ്ട പദ്ധതിയ്ക്കാവശ്യമായത് 0.0810 ഹെക്ടർ സ്ഥലമാണ്. RFCTLARR നിയമം 2013 അനുസരിച്ച് പ്രശ്നബാധിതർക്ക് ന്യായമായ നഷ്ടപരിഹാരം ലഭിക്കുവാൻ ഈ പഠനം സഹായകരമാണ്.

പദ്ധതിയുടെ സാക്ഷാത്ക്കാരത്തിനായി ഭൂവുടമകൾക്ക് വസ്തുവകകൾ ത്യജിക്കേണ്ടതായിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കലിൽ മരങ്ങൾ നഷ്ടപ്പെടേണ്ടതായിട്ടുണ്ട്. എന്നാൽ പദ്ധതി വരുന്നത് ഒരുപാട് ജനങ്ങൾക്ക് ഉപകാരപ്പെടുന്നതാണ്.

തദ്ദേശീയർക്ക് നഷ്ടപരിഹാരാവകാശ നിയമം 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം ലഭിക്കേണ്ടത് ആവശ്യമാണ്. ഇതിലേക്കായി, പഠനസംഘം പ്രദേശത്തെ സാമൂഹ്യാഘാതം പഠിക്കുകയും, ആഘാത ലഘൂകരണ നടപടികൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

പദ്ധതിയുടെ ഗുണകരമായ വശം പരിശോധിക്കുകയാണെങ്കിൽ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് സ്ഥലമേറ്റെടുക്കൽ അത്യന്താപേക്ഷിതമാണ്. ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സ്ഥലത്തിന്റേയും വസ്തുകകളുടേയും നഷ്ടം പരിഹരിക്കാനാവശ്യമായ വകുപ്പുകൾ നഷ്ടപരിഹാരാവകാശ നിയമം 2013-ൽ വേണ്ടുവോളം അടങ്ങിയിട്ടുണ്ട്.

YOUTH SOCIAL SERVICE ORGANIZATION
COLLEGE P.O., COCHIN, KERALA-686 666
REG:112/95
KOTHAMANGALAM